File No.FWLD-A2/94/2017-FWLD

13874
14/8/19

"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ശ്രീ.എൻ.കെ.മോഹൻദാസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട.) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ.117/2014 ലെ വിധിന്യായം -നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്
സ.ഉ.(സാധാ) നം.258/2019/വനം തീയതി,തിരുവനന്തപുരം, 17/07/2019

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 43/2004/വനം തീയതി 23.01.2004

2 സ.ഉ.(സാധാ) നം.385/2009/വനം തീയതി 14.08.2009

3 ശ്രീ.മോഹൻദാസ്.എൻ.കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത TA 117/2014 നമ്പർ കേസിലെ 08.11.2017-ലെ വിധിന്യായം

4 സർ ക്കാരിന്റെ 06.03.2018-ലെ FWLD-A2/94/2017 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ.എൻ.കെ.മോഹൻ ദാസ് (റിട്ട.), സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ 14.04.2018-ലെ പ്രതിവാദപ്പത്രിക

6 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 24.05.2018-ലെ ബി2-4935/96 നമ്പർ കത്ത്

7 കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 24.05.2019-ലെ എ1 എ(3) 16578/08/ഗവി. നമ്പർ കത്ത്

<u>ഉത്തരവ്</u>

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിലെ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിൽ നിന്നും 1994-95 കാലയളവിൽ ലേലം ചെയ്ത കഴകളും തടികളും നഷ്ടപ്പെട്ട വിഷയത്തിൽ ഫോറസ്റ്റ് ഗാർഡ് ആയിരുന്ന ശ്രീ.എൻ.കെ.മോഹൻദാസ് ഉൾപ്പെടെ 14 പേരെ ഉത്തരവാദികളായി കണക്കാക്കി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) ശ്രീ.എൻ.കെ.മോഹൻദാസ് ഒഴികെ മറ്റുള്ളവരെല്ലാം കുറ്റപത്രത്തിന് വിശദീകരണം നൽകി. അത് തൃപ്തികരമല്ലാത്തതിനാൽ കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും , നിയന്ത്രണവും , അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു .

3) ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയ സർക്കാർ നഷ്ടമായ 9,48,638/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുവാൻ തീരുമാനിക്കുകയും , ആയതിൻ പ്രകാരം ശ്രീ.എൻ.കെ.മോഹൻദാസിന്റെ പക്കൽ നിന്നും ആനുപാതികനഷ്ടമായ 28,121/- രൂപ ഈടാക്കുവാനും ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുവാനും താല്ക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു .

4) കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എൻ.കെ.മോഹൻദാസ് സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം കൂടി സ്വീകരിച്ച്കൊണ്ട് പരാമർ ശം ( 2 ) പ്രകാരം ശിക്ഷണ നടപടികൾ സ്ഥിരീകരിച്ച് ഉത്തരവാകുകയും ചെയ്യുകയുണ്ടായി.ഇതിനെതിരെ ടിയാൻ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത TA117/14 നം കേസിലെ പരാമർ ശം (3) പ്രകാരമുള്ള വിധിന്യായം പ്രകാരം ശ്രീ.എൻ.കെ.മോഹൻദാസിന് എതിരെ അച്ചടക്ക നടപടി പൂർത്തിയാക്കിയ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് ബഹു . ട്രിബ്യൂണൽ റദ്ദാക്കുകയുണ്ടായി . മാത്രവുമല്ല , ശ്രീ . എൻ . കെ . മോഹൻദാസ് സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ 1994-95 വർഷത്തിലെ സംഭവത്തിന്മേൽ അച്ചടക്ക നടപടി തുടരേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് ഈ ഉത്തരവ് കൈപ്പറ്റി 45ദിവസത്തിനകം തീരുമാനമെടുക്കുവാനും കോടതി ഉത്തരവായിരുന്നു.

5) കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും , നിയന്ത്രണവും അപ്പീലും ) ചട്ടം 1 5 പ്രകാരം ശ്രീ . എൻ . കെ . മോഹൻദാസ് സർവ്വീസിലിരിക്കെത്തന്നെ അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ടിയാൻ വിരമിച്ചുവെങ്കിലും കേരളസർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് ( എ ) പ്രകാരം അച്ചടക്ക നടപടി തുടരാൻ തീരുമാനിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവു ചെയ്യുവാൻ താൽക്കാലികമായി നിശ്ചയിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു . കാരണം കാണിക്കൽ നോട്ടിസിന് ശ്രീ . എൻ . കെ . മോഹൻദാസ് ( റിട്ട .), സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ട പ്രകാരം ടിയാനെയും വകുപ്പിന്റെ പ്രതിനിധിയെയും നേരിൽ കേൾക്കുകയുമുണ്ടായി .

6) ശ്രീ മോഹൻദാസ് സമർപ്പിച്ച പ്രതിവാദ പത്രികയും ,ടിയാനെ നേരിൽ കേട്ടപ്പോഴുള്ള വാദവും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർ ശം ( 6 ) പ്രകാരം സമർപ്പിച്ച അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു.

7)അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ശ്രീ മോഹൻദാസിനെ പൂർണമായും കുറ്റവിമുക്തനാക്കാവുന്നതാണ് എന്നായിരുന്നു അഭിപ്രായപ്പെട്ടിരുന്നത് . മാത്രവുമല്ല 9,48,638/- രൂപയുടെ നഷ്ടം എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും വയ്യക്കര തേക്ക് പ്ലാന്റേഷനിൽ വന്ന നഷ്ടം 2 ,81 ,210 രൂപയാണ് . ശ്രീ മോഹൻദാസ് 18.12.1994 ലാണ് കോന്നി ഡിവിഷനിലെ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷനിൽ ജോലി ആരംഭിച്ചത് . ഈ കാണാതായ തടികളെല്ലാം തന്നെ 19.12.1994 ന്നു ലേലം ചെയ്തിരുന്നവയായിരുന്നു . ലേലം ചെയ്ത ഉരുപ്പടി ലേലം കൊണ്ടവർക്കു സമയത്തിന് ലഭ്യമാക്കാതെ വരികയും അവർ ലേലത്തുക തിരികെ ആവശ്യപ്പെടുകയുമുണ്ടായി . ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലേലത്തുക മടക്കി നൽകേണ്ടി വരികയും ഇക്കാര്യത്തിൽ സർക്കാരിന് 2 ,81 ,210 രൂപയുടെ നഷ്ടം ഉണ്ടാവുകയും അതിനുള്ള ഉത്തരവാദിത്തം ശ്രീ മോഹൻദാസിനും വന്നു ചേരുകയുമാണുണ്ടായത് . ടി തടി നഷ്ടപ്പെട്ടതായാണ് പിന്നീട് നടന്ന (28.11.1995 ) അന്വേഷണത്തിൽ ബോധ്യമായത് . 9.3.2006 ലെ അന്വേഷണ റിപ്പോർട്ടിനു ശ്രീ മോഹൻദാസ് യഥാസമയം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയവ ശിക്ഷ നിശ്ചയിക്കുമ്പോൾ പരിഗണിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടതുണ്ട് എന്നും അന്വേഷണ റിപ്പോർട്ടിൽ ടിയാനെ ചാർജിൽ നിന്നും ഒഴിവാക്കണമെന്നു ശുപാർശ ചെയ്ത സാഹചര്യത്തിൽ ടിയാന്റെ പ്രതിവാദപത്രിക അംഗീകരിക്കേണ്ടതാണ് എന്ന് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 23.11.2007 ൽ സതേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർക്കു റിപ്പോർട്ട് നൽകിയിരുന്നു . .

8) ഔപചാരികാന്വേഷണ റിപ്പോർട്ടിൽ ശ്രീ മോഹൻദാസിനെ പൂർണമായും കുറ്റവിമുക്തനാക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് . വകുപ്പ് കണ്ടെത്തിയ കൂട്ടുത്തരവാദിത്തം എന്ന യുക്തിയില്ലാത്ത വാദം ഇവിടെ അപ്രസക്തമാണ് . ശ്രീ മോഹൻദാസ് വിരമിക്കുന്നത് വരേയും വാർഷിക വേതന വർധന തടയുകയുണ്ടായില്ല . ടിയാൾ 30 .11 .2013 ലാണ് വിരമിച്ചത് .2009 ലെ ഉത്തരവ് പ്രകാരമാണ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത് . വസ്തുതകൾ ഇങ്ങനെയൊക്കെ ആയതിനാലും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ . മോഹൻ ദാസ് കുറ്റക്കാരനല്ല എന്ന് തെളിഞ്ഞതിനാലും ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കുന്നതു സംബന്ധിച്ച സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആവശ്യപ്പെട്ടു .ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (7) പ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

9) മേൽസാഹചര്യത്തിൽ ശ്രീ.എൻ.കെ.മോഹൻദാസ് (റിട്ട.), സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ ഈ അച്ചടക്ക നടപടിയിൽനിന്നും പൂർണമായും കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എൻ.കെ.മോഹൻദാസ് (റിട്ട.), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ,(ആമുഖ കത്ത് മുഖേന )

അഡ്വക്കേറ്റ് ജനറൽ കേരള, (ആമുഖ കത്ത് മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.07.17 18:04:18 IST
Reason: Approved
സെക്ഷൻ ഓഫീസർ